**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 911** **29-06-2026-ൽ മറുപടിയ്ക്ക്**

**കഴനി–പഴമ്പാലക്കോട് റോഡ് പുനർനിർമ്മാണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. പി. സുമോദ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കഴനി–പഴമ്പാലക്കോട് റോഡ് പുനർനിർമാണത്തിന്റെ രണ്ടാം ഘട്ടമായ 5 കിലോമീറ്റർ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; വ്യക്തമാക്കാമോ?

**മറുപടി:** കഴനി - പഴമ്പാലക്കോട് റോഡിന്റെ പ്രവൃത്തിക്കായി കരാറുകാരന് 06.03.2026-ന സൈറ്റ് കൈമാറുകയും 07.03.2026-ന പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോൺക്രീറ്റ് പ്രവൃത്തികളായ ഡ്രൈയ്നേജ്, കൾവർട്ട്, റീട്ടെയ്നിംഗ് വാൾ എന്നിവയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. എന്നാൽ, ടാർ വിലയിലെ വൻ വർദ്ധനവ് കാരണം പ്രസ്തുത പ്രവൃത്തിയിലെ ടാറിംഗ് പ്രവൃത്തി ആരംഭിച്ചിട്ടില്ല. 05.06.2026 വരെയായിരുന്നു ഈ പ്രവൃത്തി യുടെ പൂർത്തീകരണ കാലാവധി. നിലവിൽ ബിറ്റുമെൻ വിലയിലെ വൻ വർദ്ധനവ് കാരണം കരാറുകാരൻ പ്രവർത്തി പൂർത്തീകരിക്കുന്നതിന് വിമുഖത കാണിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്.

**സെക്ഷൻ ഓഫീസർ**